**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പുനലൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീമതി. എസ്. ചെല്ലമ്മ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A.2045/2016 ലെ 31.08.2016 ലെ വിധിന്യായം - സസ്പെൻഷൻ കാലം റെഗുലറൈസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 438/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.02.2017

===========================================================================

**പരാമർശം :**
1) പുനലൂർ നഗരസഭാ സെക്രട്ടറിയുടെ 30.03.2001 തീയതിയിലെ ജി1-3879/2001 നമ്പർ ഉത്തരവ്.
2) നഗരകാര്യ ഡയറക്ടറുടെ 11.12.2007 തീയതിയിലെ ഇ5-4525/07 നമ്പർ ഉത്തരവ്.
3) നഗരകാര്യ ഡയറക്ടറുടെ 15.02.2013 തീയതിയിലെ വി.9468/2001 നമ്പർ ഉത്തരവ്.
4) നഗരകാര്യ ഡയറക്ടറുടെ 25.04.2016 തീയതിയിലെ വി1-9468/2001 നമ്പർ ഉത്തരവ്.
5) ശ്രീമതി. ചെല്ലമ്മ സർക്കാരിൽ സമർപ്പിച്ച 25.06.2016 തീയതിയിലെ അപ്പീൽ അപേക്ഷ.
6) ശ്രീമതി. എസ്. ചെല്ലമ്മ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA. 2045/16 ലെ 31.08.2016 ലെ വിധിന്യായം.
7) നഗരകാര്യ ഡയറക്ടറുടെ 01.10.2016, 23.11.2016 തീയതികളിലെ വി1-11450/16/DUA നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീമതി .എസ്. ചെല്ലമ്മ പുനലൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി നോക്കിവരവേ (ജനന-മരണ സബ് രജിസ്ട്രാർ) പുനലൂർ ചെമ്മണ്ണൂരിൽ ഈട്ടിവിള വീട്ടിൽ ശ്രീമതി. സാറാ വില്യംസ് (26 വയസ്സ്) 12.10.2000-ൽ മരണപ്പെട്ടുവെന്ന് കാണിച്ച് എലിസബത്ത് മത്തായി എന്ന വ്യക്തി 17.10.2000-ൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി. എന്നാൽ ഈ മരണം സംബന്ധിച്ച് യാതൊരന്വേഷണവും നടത്താതെ ശ്രീമതി. സാറാവില്യംസിന്റെ മരണം പുനലൂർ നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. യഥാർത്ഥത്തിൽ ശ്രീമതി. സാറാ വില്യംസ് മരണപ്പെട്ടിട്ടുണ്ടായിരുന്നില്ല. ടിയാൾ 2 ലക്ഷം ബ്രിട്ടീഷ് പൗണ്ടിന് ലണ്ടനിലെ 'Nat West' ബാങ്കിൽ Insure ചെയ്തിരുന്നു. ഈ പണം തട്ടിയെടുക്കുന്നതിനായിട്ടാണ് ഇപ്രകാരം 'False Death Certificate' രജിസ്റ്റർ

ചെയ്യിച്ചത്. 'Nat West' ബാങ്കിന്റെ എക്സിക്യൂട്ടീവ് പുനലൂർ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചു. ഈ കേസ് Crime No. 281/2001 ആയി ആദ്യം ലോക്കൽ പോലീസും പിന്നീട് ക്രൈം ബ്രാഞ്ച് CID യും അന്വേഷിച്ചു.

2. മേൽ കേസിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം പുനലൂർ നഗരസഭാ സെക്രട്ടറി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീമതി .എസ്. ചെല്ലമ്മയെ സർവ്വീസിൽ നിന്നും 30.03.2001 F.N. മുതൽ സസ്പെന്റ് ചെയ്തു. ഏതാണ്ട് 7 വർഷത്തോളം ശ്രീമതി.എസ്. ചെല്ലമ്മ സസ്പെൻഷനിൽ തന്നെ കഴിഞ്ഞു. തുടർന്ന് പരാമർശം 2-ലെ ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടർ ടിയാളെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചു.

3. മേൽ വിഷയത്തിൽ ശ്രീമതി. ചെല്ലമ്മയ്ക്കെതിരേ നഗരകാര്യ ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായി കൊല്ലം നഗരകാര്യ റീജിയണൽ ഡയറക്ടർ നടത്തിയ റിപ്പോർട്ടിൽ, മരണ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് ഒപ്പിട്ട് നൽകിയിരിക്കുന്നത് ഹെൽത്ത് സൂപ്പർവൈസർ ശ്രീ. വാസുദേവനാണെന്നും, അന്വേഷണം നടത്താതെ മരണ രജിസ്ട്രേഷൻ നടത്തി നൽകി എന്ന കുറ്റം തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, ഹെൽത്ത് സൂപ്പർവൈസർ മരണ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിൽ ശ്രീമതി. ചെല്ലമ്മയ്ക്ക് പങ്കുള്ളതായോ ടിയാൾ ഇതിന് റെക്കമെന്റ് ചെയ്തതായോ കാണുന്നില്ല എന്നും, എൻക്വയറിംഗ് അതോറിറ്റി റിപ്പോർട്ട് ചെയ്തു. ശ്രീമതി. ചെല്ലമ്മയ്ക്ക് ഇതിൽ എന്തെങ്കിലും ദുരുദ്ദേശ്യമുണ്ടായിരുന്നതായോ, ഗൂഡാലാചനയിൽ പങ്കുള്ളതായോ തെളിയാത്തതിനാലും, രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയത് ടിയാളല്ലാത്തതിനാലും ടിയാൾക്കെതിരായ അച്ചടക്ക നടപടിയിൽ ടിയാളെ കുറ്റവിമുക്തയാക്കി പ്രഖ്യാപിച്ച് നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

4. ഇൻഷുറൻസ് തട്ടിക്കുവാനുള്ള ശ്രമം സംബന്ധിച്ച Crime No. 218/2001 നമ്പർ കേസ് പുനലൂർ I[st] Class ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കലണ്ടർ കേസ് നമ്പർ 2710/2009 (C.C.No. 2710/2009) ആയി ട്രയൽ ചെയ്തു. ആയതിൽ താഴെപ്പറയുന്ന 8 പ്രതികൾ (Accused) ഉണ്ടായിരുന്നു.

**A.1** : ശ്രീമതി. സാറാ വില്യംസ് (Absconding)
**A.2** : ശ്രീ. വിൻസന്റ് വില്യം (മരണപ്പെട്ടു.)
**A.3** : ശ്രീമതി. മിനു ഗീവർഗ്ഗീസ് തോമസ് (മരണപ്പെട്ടു.)
**A.4** : ശ്രീമതി. അനിയമ്മാ തോമസ് (മരണപ്പെട്ടു.)
**A.5** : ശ്രീമതി. ശ്രീ. ജോബി ഫിലിപ്പ്
**A.6** : ശ്രീമതി. ശ്രീ. കുഞ്ഞുമോൻ മോഹൻ
**A.7** : ശ്രീമതി. ചെല്ലമ്മ
**A.8** : ശ്രീ. വാസുദേവൻ നായർ (മരണപ്പെട്ടു.)

5. ആയതിൽ ബഹു. പുനലൂർ ജുഡീഷ്യൽ I[st] Class മജിസ്ട്രേറ്റ് കോടതി 30.10.2015 ൽ വിധി പുറപ്പെടുവിച്ചു. ഈ കേസിൽ ശ്രീമതി. ചെല്ലമ്മ കുറ്റക്കാരിയല്ലായെന്ന് കണ്ട് ടിയാളെ കോടതി വെറുതേ വിട്ടു. ടി വിധിയുടെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

"In the result, A5, A6 and A7 are found not guilty of the offences punishable under Section 120B, 465, 467, 471, 511 of 420 r/w 34 IPC and they are acquitted of the said charge as provided under Section 248(1) Cr.P.C. Their bail bonds shall be stand cancelled. They are set at their liberty. Case against A1. is already split up and re-filed as C.C. 2077/14.

6. തുടർന്ന് ശ്രീമതി. ചെല്ലമ്മയുടെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി കണക്കാക്കി പരാമർശം 4 പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

7. മേൽപ്പറഞ്ഞ ഉത്തരവിനെതിരെ ശ്രീമതി. ചെല്ലമ്മ സർക്കാരിന് പരാമർശം 5 പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചു. ആയതിൽ 'തന്നെ 30.03.2001 മുതൽ 24.12.2007 വരെ സസ്പെന്റ് ചെയ്ത് നിർത്തേണ്ട യാതൊരാവശ്യവും ഇല്ലായിരുന്നുവെന്നും, ബന്ധപ്പെട്ട മരണം താനല്ല രജിസ്റ്റർ ചെയ്തതെന്നും, തന്റെ അനുവാദം കൂടാതെയാണ് സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി കണക്കാക്കിയതെന്നും, ആയതിനാൽ തന്റെ സസ്പെൻഷൻ കാലം എല്ലാ അർത്ഥത്തിലും ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളവും, പെൻഷനും മറ്റാനുകൂല്യങ്ങളും നൽകണമെന്നും തനിയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I. ഗ്രേഡ്-II തസ്തികയിൽ യഥാകാലമുള്ള പ്രമോഷൻ നൽകണമെന്നും ടിയാൾ അപേക്ഷിച്ചു.

8. മേൽപ്പറഞ്ഞ വിഷയത്തിൽ ശ്രീമതി. ചെല്ലമ്മ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A. No. 2045/2016 ഫയൽ ചെയ്തു. ആയതിലെ 31.08.2016 ലെ വിധിന്യായത്തിൽ ഹർജിക്കാരിയുടെ Annexure A6 അപ്പീലിൽ ടിയാളെ നേരിട്ട് കേട്ടതിന് ശേഷം 2 മാസങ്ങൾക്കകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് ബഹു. ട്രിബ്യൂണൽ നിർദ്ദേശിച്ചു.

9. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 6 വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ശ്രീമതി. എസ്. ചെല്ലമ്മയെ 10.11.2016 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിട്ട് കേട്ടു. താൻ പൂർണ്ണമായും നിരപരാധി ആയിരുന്നുവെന്നും, തന്നെ സസ്പെന്റ് ചെയ്ത നടപടി തെറ്റായിരുന്നുവെന്നും സസ്പെൻഷൻ കാലം ലീവാക്കി റെഗുലറൈസ് ചെയ്യുവാൻ താനാഗ്രഹിക്കുന്നില്ലായെന്നും, 2001 മുതൽ 2007 വരെ തന്റെ സസ്പെൻഷൻ കാലം റിവ്യു പോലും ചെയ്യാതെ തന്നെ തുടർച്ചയായി സസ്പെൻഷനിൽ നിർത്തിയെന്നും, 31.03.2011 ൽ റിട്ടയർ ചെയ്ത തനിയ്ക്ക് നാളിതുവരെ പ്രൊവിഷണൽ പെൻഷനല്ലാതെ മറ്റൊരാനുകൂല്യവും നൽകിയില്ലെന്നും, അതിനാൽ തന്റെ അപ്പീലിലെ ആവശ്യങ്ങൾ അനുവദിക്കണമെന്നും നേരിട്ട് കേട്ടപ്പോൾ ടിയാൻ ആവശ്യപ്പെട്ടു.

10. മേൽപ്പറഞ്ഞ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ പരാമർശം 7 റിപ്പോർട്ടും, ബന്ധപ്പെട്ട രേഖകളും സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. ഒരുദ്യോഗസ്ഥന്റെ സസ്പെൻഷൻ കാലം അവധിയായി റെഗുലറൈസ് ചെയ്യുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സമ്മതം ആവശ്യമാണെന്ന് 26.11.1994 ലെ 65/94/Fin. നമ്പർ സർക്കുലറിന്റെ ഖണ്ഡിക 5 വ്യക്തമാക്കുന്നുണ്ട്. ശ്രീമതി. ചെല്ലമ്മയുടെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാൻ 24.05.2016 ലെ ഉത്തരവ് പ്രകാരം തീരുമാനിക്കുന്നതിന് മുൻപ് സമ്മതം വാങ്ങിയിരുന്നില്ല എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. ചെല്ലമ്മ റിട്ടയർ ചെയ്തത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I പോസ്റ്റിലിരിക്കെയാണ്. യഥാസമയം പ്രമോഷൻ ലഭിച്ചിട്ടുണ്ടായിരുന്നു എങ്കിൽ

ടിയാൾ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും വിരമിക്കുമായിരുന്നു എന്നാണ് നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട്.

C.C. No. 2710/09, 30.10.2015 ലെ വിധിന്യായ പ്രകാരം തീർപ്പാക്കുമ്പോൾ താഴെപ്പറയുന്ന കാര്യം ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി observe ചെയ്തിരുന്നു.

"It is very pertinent to note that the alleged forged death Certificate has not been produced before the Court which is the material document in question in this case. It is also pertinent to note that Peter Savage (CW.1), the Executive of Nat West Bank, London has also not been examined by the prosecution as the prosecution failed to secure his presence. PW1, who was the Secretary of the Punalur Municipality has testified that there is no provision in the rules or law that the Death Certificate is to be issued only after obtaining a report from the Councilor. It has also come out in evidence that it is not mentioned in the Municipalities Act that the Registrar or Sub Registrar should go to the spot and enquire."

11. ഇൻഷുറൻസ് പണം തട്ടിയ്ക്കുന്നതിന് bogus death Certificate ചമയ്ക്കുക എന്ന കുറ്റം ഒരു Moral turpitude അടങ്ങിയ കുറ്റമാണ്. ആയതിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ കേസ് ചാർജ്ജ് ഷീറ്റ് ചെയ്തു. മാന്വൽ ഫോർ ഡിസിപ്ലിനറി പ്രൊസീഡിംഗ്സിന്റെ ഖണ്ഡിക 17 ൽ സസ്പെൻഷൻ 6 മാസം കൂടുമ്പോൾ റിവ്യു ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും Suspension in pursuance of criminal proceedings in a Court എന്ന സംഗതിയിൽ ഇത്തരം 6 മാസം കൂടുമ്പോഴുള്ള റിവ്യു ബാധകമല്ലായെന്ന് Manual For Disciplinary Proceedings ന്റെ തന്നെ ഖണ്ഡിക 17(iii) ൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട ക്രൈം കേസിൽ ശ്രീമതി. ചെല്ലമ്മ 7th Accused ഉം ആയിരുന്നു. ഈ സാഹചര്യത്തിൽ 31.03.2001 മുതൽ 10.12.2007 വരെ ശ്രീമതി. ചെല്ലമ്മയെ സസ്പെൻഷനിൽ നിർത്തിയ നഗരകാര്യ ഡയറക്ടറുടെ നടപടി അന്നത്തെ സാഹചര്യം വച്ചു നോക്കുമ്പോൾ ശരിയായിരുന്നു. എന്നാൽ പിന്നീട് ഡിപ്പാർട്ട്മെന്റൽ നടപടിയിലും ക്രിമിനൽ കേസിലും ശ്രീമതി. ചെല്ലമ്മയെ വെറുതേ വിട്ടു. പ്രോസിക്യൂഷന് കുറ്റം സംശയാതീതമായി തെളിയിക്കുവാൻ കഴിയാത്തതിനാലാണ് പ്രതികളെ സംശയത്തിന്റെ ആനുകൂല്യം നൽകി വെറുതേ വിടുന്നതെന്ന് ബഹു. പുനലൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 30.10.2015 ലെ വിധി പ്രസ്താവത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മാന്വൽ ഫോർ ഡിസിപ്ലിനറി പ്രൊസീഡിംഗ്സിന്റെ ഖണ്ഡിക 16(30)(c) ഇപ്രകാരം നിഷ്ക്കർഷിക്കുന്നുണ്ട്.

(c) In the case of those whose acquittal or exoneration is on technical ground, the question whether suspension period should be treated as duty or not, has to be decided with reference to the gravity of offence allegedly committed by the accused officer.

12. മേൽ സാഹചര്യത്തിൽ റിട്ട. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. എസ്. ചെല്ലമ്മയുടെ സസ്പെൻഷൻ കാലയളവിലെ ശമ്പളവും അലവൻസുകളും ടിയാൾക്ക് നൽകിയ ഉപജീവനബത്തയിൽ

പരിമിതപ്പെടുത്തിക്കൊണ്ടും ടിയാളുടെ 30.03.2001 മുതൽ 10.12.2007 വരെയുള്ള സസ്പെൻഷൻ കാലം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും, 11.02.2007 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചതുവരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം 1 ചട്ടം 56B(9) നു താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

13. തനിയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡിലേയ്ക്ക് പ്രമോഷൻ നൽകണമെന്ന ശ്രീമതി. ചെല്ലമ്മയുടെ അപ്പീൽ ഹർജിയിലെ ആവശ്യം സർക്കാർ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അബുൽകലാം. എം.,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
ശ്രീമതി. എസ്. ചെല്ലമ്മ, റിട്ട. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 'അരുണാഭ'.
കുന്നിക്കോട് പി.ഒ., കുന്നിക്കോട്, കൊല്ലം ജില്ല - 691 508.(ഫോൺ : 9497129447)
സെക്രട്ടറി, പുനലൂർ നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വേബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Liya

**സെക്ഷൻ ഓഫീസർ**